ഭരണ ഭാഷ- മാതൃഭാഷ

<u>**അടിയന്തിരം / സമയബന്ധിതം**</u>

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്‌റേറ്റ്**
**തിരുവനന്തപുരം**

**DTETVM/2265/2025-D7(PA)** **04-05-2025**

<u>**സർക്കുലർ**</u>

വിഷയം :- വിദ്യാഭ്യാസം - സാങ്കേതികം - സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം - **NABARD RIDF TRANCHE XXXI (2025-2026)** - പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള സമയ പരിധി ദീർഘിപ്പിച്ചത് സംബന്ധിച്ച്.

സൂചന:

1. **24/02/2025** ലെ സ.ഉ (അച്ചടി) നം.**20/2025**/ ധന.
2. **26/02/2025** ലെ സ.ഉ (അച്ചടി) നം.**21/2025**/ ധന.
3. **25/03/2025** ലെ സ.ഉ (അച്ചടി) നം.**26/2025**/ ധന.
4. **29/04/2025** ലെ സ .ഉ (അച്ചടി) നം.**41/2025**/ ധന

സൂചന **(1)** പ്രകാരം **NABARD RIDF TRANCHE XXXI (2025-2026)** ലേക്ക് പദ്ധതിയുടെ ആവശ്യകതയും, പ്രയോഗികതയും നോക്കി, ടെണ്ടർ നടപടികൾ തുടങ്ങുന്നതിന് തടസ്സമില്ലാത്തതുമായ പ്രവൃത്തികൾ ഉൾപ്പെട്ട പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള സമയ പരിധിയും മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ **01/04/2025** പ്രാബല്യത്തിൽ സംസ്ഥാനങ്ങളിലെ എല്ലാ പൊതുമരാമത്ത് വർക്കുകൾക്കും **DSoR 2021** ബാധകമാക്കി സൂചന **(2)** പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്നു സൂചന **(3)** ലെ സർക്കുലർ പ്രകാരം **NABARD RIDF TRANCHE XXXI (2025-2026)** ലേയ്ക്ക് പദ്ധതികൾ പരിഗണിക്കുന്നതിന്, സർക്കാരിന് സമർപ്പിക്കുന്നതിനുള്ള സമയ പരിധി **15/04/2025** വരെ ദീർഘിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ പുതുക്കിയ **DSoR** ൽ **DPR** തയ്യാറാക്കുന്നതിനുള്ള കാലതാമസം പരിഗണിച്ച്, നബാർഡ് ആർഐഡിഎഫ് ട്രാഞ്ചേ **31** **(2025-26)** ലേക്ക് പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള സമയ പരിധി **10/05/2025** വരെ സൂചന **(4)** പ്രകാരം സർക്കാർ ദീർഘിപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ സർക്കാർ നിഷ്കർഷിക്കും വിധവും, **DSoR 2021** പ്രകാരം തയ്യാറാക്കിയതുമായ പദ്ധതിയുടെ വിശദമായ രൂപ രേഖ (**Soft Copy** ഉൾപ്പടെ), അനുബന്ധ രേഖകൾ സഹിതം **08/05/2025 തീയതിയിലോ അതിനുള്ളിലൊ ഈ കാര്യാലയത്തിൽ അടിയന്തിരമായി സമർപ്പിക്കുന്നതിന്** സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള നഗര പ്രദേശങ്ങൾ ഒഴികെയുള്ള എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, സർക്കാർ പോളിടെക്നിക് കോളേജ്, സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകുന്നു. ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ നിശ്ചിത തീയതിയ്ക്കകം സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതുണ്ട് എന്നതിനാൽ പ്രൊപ്പോസലുകൾ സ്ഥാപനമേധാവികൾ യഥാസമയം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ് എന്നു അറിയിക്കുന്നു.

സൂചന (4) ലെ സർക്കാർ സർക്കുലറിന്റെ പകർപ്പ് തുടർ നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഉള്ളടക്കം :- മേൽ പറഞ്ഞത് പ്രകാരം.

**SHALIJ P R**
**DIRECTOR**
**04-05-2025**

പകർപ്പ്:

**1.**ഈ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, സർക്കാർ പോളിടെക്നിക് കോളേജ്, സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ സ്ഥാപന മേധാവികൾക്ക് (**www.dtekerala.gov.in** - വെബ്സൈറ്റ് മുഖാന്തിരം).

**2.** ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

**കേരള സർക്കാർ**

നം. 41/2025/ധന

ധനകാര്യ (എൻ.സി.എ) വകുപ്പ്
തിരുവനന്തപുരം
തീയതി 29/04/2025

**<u>സർക്കുലർ</u>**

വിഷയം : ധനകാര്യ വകുപ്പ്- നബാർഡ് ആർ.ഐ.ഡി.എഫ് ട്രാഞ്ചെ 31 (2025-26) പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള സമയ പരിധി നീട്ടികൊണ്ട് മാർഗ്ഗ നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നു

സൂചന : 1. സ.ഉ (അച്ചടി) നം. 20/2025/ധന തീയതി 24/02/2025
2. സ.ഉ (അച്ചടി) നം. 21/2025/ധന തീയതി 26/02/2025
3. സർക്കുലർ നം. 26/2025/ധന തീയതി 25/3/2025

സൂചന (1) പ്രകാരം നബാർഡ് ആർ.ഐ.ഡി.എഫ് ട്രാഞ്ചെ 31 (2025-26) ലേക്ക് പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള സമയ പരിധിയും മാർഗ്ഗ നിർദേശങ്ങളും പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സൂചന 2 പ്രകാരം 01/04/2025 പ്രാബല്യത്തിൽ സംസ്ഥാനത്തിലെ എല്ലാ പൊതുമരാമത്ത് വർക്കുകൾക്കും DSoR 2021 ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചതിനാൽ സൂചന 3 പ്രകാരം നബാർഡ് ആർ.ഐ.ഡി.എഫ് ട്രാഞ്ചെ 31 (2025-26) ലേക്ക് പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള സമയ പരിധി 15/4/2025 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു.

പുതുക്കിയ DSOR ൽ DPR തയ്യാറാക്കുന്നതിനുള്ള കാലതാമസം പരിഗണിച്ച്, നബാർഡ് ആർ.ഐ.ഡി.എഫ് ട്രാഞ്ചെ 31 (2025-26) ലേക്ക് പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള സമയ പരിധി 10/5/2025 വരെ ദീർഘിപ്പിച്ച് നൽകുന്നു.

**കെ. അനിൽ കുമാർ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), കേരളം, തിരുവനന്തപുരം
3. എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും വകുപ്പ് മേധാവികൾക്കും
4. ട്രഷറി ഡയറക്ടർ തിരുവനന്തപുരം
5. ചീഫ് ജനറൽ മാനേജർ , നബാർഡ്, പുന്നൻ റോഡ് തിരുവനന്തപുരം
6. സ്റ്റോക്ക് ഫയൽ നം. ഇ-2888331/NC-A1/34/2024-Fin Part (1)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ